CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കേരള ക്രൈസ്തവ താമ്രശാസനങ്ങൾ

എൻ. കെ. ജോസ്

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# കേരള ക്രൈസ്തവ താമ്രശാസനങ്ങൾ

★

ഗ്രന്ഥകർത്താ:

എൻ. കെ. ജോസ്

❋

ഹോബി പബ്ലിഷേഴ്സ്
വെച്ചൂർ.

വില 4—00

---

വിതരണം:

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ,
H. O. ബേക്കർ റോഡ്, കോട്ടയം
ബ്രാഞ്ച്: ഹോസ്പിററൽ റോഡ്, കോഴിക്കോട്.

www.TheCMSIndia.org

(MALAYALAM)

NASRANI SERIES NO. III

# KERALA CHRISTAVA THAMBRA SASANANGAL

BY N. K. JOSE

1st Edition
May 1974

Price Rs. 4-00

*Copyrighi Reserved by the Author*

Printed at
The Welfare Printings, Vaikom

Published by
Hobby Publishers, Vechoor

Distributors:
**The Vidyarthi Mithram Book Depot,**
H. O. Baker Road, Kottayam-1
Br: Hospital Road, Calicut

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഭൂതകാലസംഭവങ്ങളുടെ യഥാതഥമായ വിവരണമല്ല ചരിത്രം. നിലവിലിരിക്കുന്ന വർത്തമാനകാലത്തിൻെറ രൂപപ്പെടുത്തലിൽ ഭൂതകാലസംഭവങ്ങൾ നൽകിയ സ്വാധീനതയുടെ കഥയാണതു്. അതിനാൽ കാലഘട്ടത്തിൻെറ മാററത്തിനനുസരണമായും ചരിത്രകാരൻെറ മനോഭാവത്തിനനുസരിച്ചും ചരിത്രം പലപ്പോഴും തിരുത്തിയെഴുതപ്പെടേണ്ടിവരും. വസ്തുതകളെ ശേഖരിച്ചുനിരത്തിവച്ചാൽ ചരിത്രമാകുകയില്ല. കഴിഞ്ഞകാലത്തു സംഭവിച്ചതിൻെറ സത്യത്തെ ദർശിക്കുവാനുള്ള നിരന്തരമായ അന്വേഷണത്തിൽ ലഭിക്കുന്ന സാക്ഷികളാണു് വസ്തുതകൾ. സത്യം ഒന്നേയുള്ളു എങ്കിലും അതിനു് ഭിന്നമുഖങ്ങളും, ഭിന്നവ്യാഖ്യാനങ്ങളുമുണ്ടു്. ദർശിക്കുന്നവനേയും വ്യാഖ്യാനിക്കുന്നവനേയും അവരുടെ ജീവിതകാലഘട്ടത്തിൻെറ ദാർശനികതയേയും അനുസരിച്ചു് അതു് വ്യത്യാസപ്പെട്ടിരിക്കും. അതിനാൽ ചരിത്രത്തിൽ അവസാനവാക്കില്ല. എന്നും അതു് അന്വേഷണത്തിനും, പുനർചിന്തയ്ക്കും, പുതിയ വീക്ഷണത്തിനും വിധേയമായിക്കൊണ്ടിരിക്കും.

സമൂഹത്തിൻെറ പൈതൃകം ആസ്വദിച്ചുവളരുന്ന വ്യക്തിയും വ്യക്തിയുടെ പ്രതിഭാവിലാസത്തിൻെറഫലമായി സമൂഹത്തിനുലഭിക്കുന്ന നേട്ടങ്ങളും കോട്ടങ്ങളുംതമ്മിലുള്ള ബന്ധത്തിൻെറ കഥയ്ക്കു് ജീവൻനൽകുന്ന സാഹിത്യകാരനാണു് യഥാർത്ഥ ചരിത്രകാരൻ.

കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രത്തെപ്പററി വളരെയധികം ഗ്രന്ഥങ്ങൾ പല ഘട്ടങ്ങളിലായി പുറത്തുവന്നിട്ടുണ്ടു്. വിശേഷിച്ചും സെൻറ് തോമസിൻെറ ചരമത്തിൻെറ 19-ാം ശതാബ്ദജൂബിലിയോടനുബന്ധിച്ചു് അവയുടെ ഒരു പ്രവാഹം തന്നെയുണ്ടായി. പക്ഷെ അതെല്ലാം ഒന്നിൻെറ വിരസതയാർന്ന ആവർത്തനങ്ങൾമാത്രമാണു് എന്ന പരാതി അനുവാചകരിൽ സൃഷ്ടിക്കുവാൻ പര്യാപ്തങ്ങളാണു്. കേരള ക്രൈസ്തവരുടെ കഴിഞ്ഞകാലചരിത്രത്തെ ഒരു പുതിയ വീക്ഷണകോണിൽക്കൂടി ദർശിക്കുവാനുള്ള സന്മനസ്സ് പ്രകടിപ്പിക്കുവാൻ പലരും മടിക്കുന്നു.

ഇന്നു് കേരളത്തിൽ നിലവിലിരിക്കുന്ന ക്രൈസ്തവസമുദാ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



യത്തിൻെറ സാമൂഹ്യവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, സാമ്പത്തികവും മററുമായ രംഗങ്ങളിലെ ഇന്നത്തെരൂപത്തിലുള്ള വളർച്ചയുടെപിന്നിൽ പണിയെടുത്ത പതിനായിരങ്ങളുടെ കരങ്ങളെപ്പററിയുള്ള പരിചിന്ത ഉപേക്ഷിച്ച ശുഷ്കങ്ങളായ സംഭവവിവരണങ്ങളല്ല ഇന്നു നമുക്കാവശ്യം. കാലങ്ങളുടെ മറവിൽ കഴിഞ്ഞുകൂടിയ കഴിഞ്ഞകാലമനുഷ്യപ്രവാഹത്തിൻെറ കുത്തൊഴുക്കിൽവന്ന പാളിച്ചകളോടൊപ്പം ആ നീർപ്രവാഹം കടഞ്ഞെടുത്ത തീരങ്ങളുടേയും അവ അലിയിച്ചുചേർത്ത അമൂല്യലവണാംശങ്ങളുടേയും കഥയുംകൂടി നമുക്കാവശ്യമാണ്. അവയുടെ മുകളിൽക്കൂടി ഒഴുക്കിൻെറഗതിയെ കാണിച്ചുകൊണ്ട് കടന്നുപോയ പൊങ്ങുതടികളുടെ വിവരണങ്ങൾമാത്രമടങ്ങിയാൽ അതു് സമൂഹത്തിൻെറ ചരിത്രമാകുകയില്ല.

ഭാവനാപൂർണ്ണമായ സമീപനം ഈ ജനതയുടെ ചരിത്രത്തോട് ആരും നടത്തിയിട്ടുണ്ടെന്ന് തോന്നുന്നില്ല ചരിത്രകാരന് ലഭിക്കുന്ന ചുരുക്കം ചില തെളിവുകളുടെ പശ്ചാത്തലത്തിൽ ഭൂതകാലജീവിതപരിതസ്ഥിതികളേയും അതിൻെറ ആധുനിക കാലഘട്ടത്തിലേക്കുള്ള സ്വാധീനതയേയും കണ്ടുപിടിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നതിനാണ് ഭാവന ചരിത്രകാരന് സഹായം നൽകുന്നത്. ചരിത്രം കവിതയാണ്. യാഥാർത്ഥ്യങ്ങളുടെ കാവ്യാത്മകമായ കഥാകഥനമാണ് ചരിത്രം. ചരിത്രകാരൻെറ കവിഭാവന ചരിത്രമൂല്യങ്ങളുടെ വിലയെ താഴ്ത്തുകയല്ല അവയെ വളർത്തുകയാണ്. വസ്തുതകളിൽ തള്ളേണ്ടവ തള്ളുകയും കൊള്ളേണ്ടവ കൊള്ളുകയും ചെയ്യുവാനുള്ള ഔചിത്യബോധത്തിൻെറ തികവാണ് ചരിത്രഗ്രന്ഥത്തിൻെറ മാററ് വർദ്ധിപ്പിക്കുന്നത്.

കേരളത്തിലെ ക്രൈസ്തവസമൂഹത്തിൻെറ ചരിത്രത്തെ ആവിധത്തിലുള്ള ഒരു പുനർനിർമ്മാണത്തിന് വിധേയമാക്കുവാനുള്ള എൻെറ പരിശ്രമങ്ങളുടെഫലമാണ് "നസ്രാണി" എന്ന സാമാന്യം ബൃഹത്തായ ഗ്രന്ഥം. അതിൻെറ രണ്ട് അദ്ധ്യായങ്ങൾ കഴിഞ്ഞ കാലങ്ങളിൽ രണ്ട് ചെറുപുസ്തകങ്ങളായി ഞാൻ പ്രസിദ്ധീകരിച്ചു. 'ആദിമകേരള ക്രൈസ്തവരും', 'ആദിമകേരള ക്രൈസ്തവരുടെ ആരാധനാഭാഷയും'. അതിൻെറ മറെറാരു അദ്ധ്യായത്തിൻെറ അവതരണമാണ് ഈ 'താമ്രശാസനങ്ങൾ'.

www.TheCMSIndia.org

ഈ വിഷയത്തിൽ ഇന്നുവരെ പുറത്തുവന്ന എല്ലാ പുസ്തകങ്ങളേയും നിഷേധിക്കുവാനോ അവയെ അതേപടി അംഗീകരിച്ച് ആവർത്തിക്കുവാനോ ഉള്ള പരിശ്രമമല്ല ഇവിടെ നടക്കുന്നത്. ഇന്നുവരെ അറിയപ്പെടാത്ത വശങ്ങളും നമ്മുടെ കഴിഞ്ഞ കാല ചരിത്രത്തിനുണ്ട്. ആ അഗാധനീലിമയിലേയ്ക്ക് ഊളിയിട്ട് ഇറങ്ങിച്ചെല്ലുവാനും അവിടെ പ്രശോഭിക്കുന്ന അനന്തശോഭയേറിയ വൈരക്കല്ലുകളുടെ മാററുരച്ചുനോക്കുവാനും അനുവാചകരെ ക്ഷണിക്കുകയെന്നതുമാത്രമാണ് ഇത് തയ്യാറാക്കുമ്പോൾ എൻെറ മുന്നിൽക്കണ്ട ലക്ഷ്യം.

കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രം ഇനിയും ഗവേഷണവിധേയമാക്കേണ്ട അമൂല്യരത്നശേഖരമാണ് എന്ന ചിന്ത ഈ പുസ്തകത്തിലൂടെ കടന്നുപോകുന്ന ചരിത്രകുതുകികൾക്കുണ്ടാകുന്നു എങ്കിൽ എൻെറ ഈ പരിശ്രമത്തിന് ഫലമണിഞ്ഞു എന്ന് അഭിമാനപൂർവ്വം അനുസ്മരിക്കുവാൻ എനിക്കു കഴിയും

എന്ന്,

**എൻ. കെ. ജോസ്**

നമശിവായം

അംബികാ മാർക്കററ്.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# “ആദിമ കേരളക്രൈസ്തവരുടെ ആരാധനാഭാഷ”യെപ്പററി

## I

കേട്ടതപ്പടിവിശ്വസിക്കുന്ന ഒരു ലോകമല്ല ഇന്നത്തേത്. എന്തിന്റേയും ചരിത്രത്തിലേയ്ക്ക് ചുഴിഞ്ഞിറങ്ങി സത്യം കണ്ടുപിടിക്കുവാനുള്ള വളർന്നുവരുന്ന ആവേശം ആധുനികലോകത്തിന്റെ ഒരു ഗുണമാണ്. എന്തൊക്കെ തെററുകളുണ്ടെങ്കിലും, ഉണ്ടെന്നുപറയപ്പെട്ടാലും അന്വേഷിച്ചുകണ്ടെത്താനുള്ള ഈ ആവേശം കത്തോലിക്കരിലും വളൻവരുന്നുണ്ട് ബുദ്ധിയുള്ളവർ അതൊരു നല്ല ലക്ഷണമായി കരുതുകയും ചെയ്യും.

കേരള ക്രൈസ്തവരുടെ ഉത്ഭവവളർച്ചകളെപ്പററി പ്രതിപാദിക്കുന്ന പല പുരാതനഗ്രന്ഥങ്ങളും നമുക്കുണ്ട്. എന്നാൽ അതപ്പടി വിശ്വസിക്കുകയല്ലാതെ കേരളത്തിന്റെ യഥാർത്ഥ ചരിത്രത്തേയും കേരളസഭയുടെ ചരിത്രത്തേയും താരതമ്യംചെയ്ത് യുക്തിപൂർവ്വം പഠിക്കുവാൻ അധികമാരും ശ്രമിച്ചിട്ടുള്ളതായി തോന്നുന്നില്ല. ശ്രീ. എൻ. കെ ജോസിന്റെ “ആദിമ കേരള ക്രൈസ്തവരുടെ ആരാധനാഭാഷ” എന്ന ഈ പുതിയ പുസ്തകം കെട്ടുകഥകളുടെ കനത്ത മുഖാവരണംനീക്കിക്കൊണ്ട് സത്യത്തിന്റെ അമ്പരപ്പിക്കുന്ന മുഖങ്ങളുമായി മുന്നിൽവന്നുനിന്നപ്പോൾ ചിലതെല്ലാം ചിന്തിച്ചുപോയി. ഒരു പുതിയ വെളിച്ചം കിട്ടിയതിൽ സ്വാഭാവികമായും മനസ്സ് സന്തോഷിക്കുകയുംചെയ്തു.

ഏതാണ്ട് അമ്പതോളംവരുന്ന ഈ വിഷയങ്ങളിൽ വെളിച്ചംവീശുന്ന ചരിത്രകൃതികളും മററ് പ്രാമാണികരേഖകളും അവധാനപൂർവ്വം പഠിച്ചും പരിശോധിച്ചുമാണ് ഗ്രന്ഥകാരൻ മുന്നോട്ടുനീങ്ങുന്നത്. തന്റെ വാദങ്ങൾക്ക് യുക്തിപൂർവ്വം തെളിവു നൽകുവാനും ശ്രീ ജോസ് ശ്രമിച്ചിട്ടുണ്ട്. തീർച്ചയായും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം ഗ്രന്ഥകാരൻ അതു പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഈ ഗ്രന്ഥത്തിന്റെ പാഠങ്ങൾ പൂർണ്ണമാണെന്നും പറയുന്നില്ല കേരളത്തിലേയ്ക്കുള്ള നമ്പൂതിരിമാരു

www.TheCMSIndia.org

ടെ കുടിയേററം, സെൻറ് തോമസിൻെറ കരങ്ങളിൽനിന്നും മാമ്മോദീസാ സ്വീകരിച്ചവരിൽ നമ്പൂതിരിമാരും ഉൾപ്പെട്ടുന്നില്ലേ അധഃസ്ഥിതരായി ഗണിക്കപ്പെട്ടിരുന്ന ദ്രാവിഡർമാത്രമാണോ അന്നു കേരളത്തിൽ ക്രിസ്തുമതം സ്വീകരിച്ചതു്? തുടങ്ങി പല വസ്തുതകളും കൂടുതൽ വ്യാപകമായ അന്വേഷണത്തിനും പഠനത്തിനും വിധേയമാകേണ്ടതാണു്. ഈ പഠനത്തിനും ചിന്തയ്ക്കുമുള്ള വാതിലുകൾ തുറന്നിട്ടുകൊണ്ടു് ഉറങ്ങിക്കിടക്കുന്നവരെ വിളിച്ചുണർത്തുകയാണു് ഗ്രന്ഥകാരൻ ഈ കൃതിയിലൂടെ ചെയ്തിരിക്കുന്നതു്. അതൊരു ഇടിമുഴക്കത്തിൻെറ ഗുണംചെയ്യുമെന്നു് പ്രതീക്ഷിക്കാം.

ഉഗ്രമായ സത്യങ്ങൾ നോവലിൻെറ ആഖ്യാനപാടവത്തോടെ പറഞ്ഞുപോകുന്നതുകൊണ്ടു് വായിക്കാനും സുഖമാണീപുസ്തകം. സഭയെ സ്നേഹിക്കുന്ന കേരള കത്തോലിക്കരിലെ ബുദ്ധിജീവികൾ ഒരു പ്രാവശ്യമെങ്കിലും ഈ പുസ്തകം വായിക്കണമെന്നാണു് എൻെറ അഭ്യർത്ഥന ക്ലേശമേറിയതാണെങ്കിലും ശ്രീ ജോസ് ഈ ജോലി തുടരണമെന്നും.

**സത്യദീപം**

**24-5-1972**

**ജെമ്മ**

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# II

'സാംസ്കാരിക ഇൻഡ്യാ', 'ചരിത്രത്തിൻെറ തത്വശാസ്ത്രം', 'പ്രശ്നകേരളം' തുടങ്ങി ഒൻപതോളം ഗ്രന്ഥങ്ങളുടെ രചയിതാവാണ് ശ്രീ. എൻ. കെ. ജോസ്. എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിൽനിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ദേഹം വാർദ്ധയിൽ പോയി ഗാന്ധിയൻ തത്വശാസ്ത്രത്തിൽ ഉപരിപഠനം നടത്തി മലയാളത്തിലെ പല പത്രമാസികകളിലും ശ്രീ. എൻ. കെ. ജോസിൻെറ ലേഖനങ്ങൾ പലപ്പോഴായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെ ശ്രീ എൻ. കെ. ജോസിലെ പരിണിതപ്രജ്ഞനായ എഴുത്തുകാരനാണ് 'ആദിമ കേരള ക്രൈസ്തവരുടെ ആരാധനാഭാഷ'യ്ക്കു് രൂപം കൊടുത്തിരിക്കുന്നതു്.

ശ്രീ. എൻ. കെ. ജോസ് എഴുതിക്കൊണ്ടിരിക്കുന്ന 'നസ്രാണി' എന്ന ഗ്രന്ഥത്തിലെ ഒരു അദ്ധ്യായം സംഗ്രഹിച്ചതാണെത്രേ ഈ പുസ്തകം. കേരള ക്രൈസ്തവരുടെ പുരാതന ചരിത്രത്തെപ്പററിയുള്ള ഒരു ഗവേഷണമാണ് ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഇന്നു് നിലവിലിരിക്കുന്ന പല ആചാരങ്ങളേയും ചോദ്യംചെയ്യുന്നതരത്തിലാണ് ഈ ഗ്രന്ഥത്തിൻെറ അവതരണം. കേരള ക്രൈസ്തവരുടെ ആദികാലചരിത്രത്തിൻെറ ഏടുകളിലേയ്ക്കു് വെളിച്ചം കടത്തിവിടുവാനുള്ള ഗ്രന്ഥകാരൻെറ ശ്രമത്തെ അതുൾക്കൊള്ളുന്ന ഉദ്ദേശശുദ്ധിയുടെ പശ്ചാത്തലത്തിൽതന്നെ നമുക്കു വീക്ഷിക്കാം.

കേരള ക്രൈസ്തവരുടെ സാംസ്കാരിക ചരിത്രം വിശകലനം ചെയ്തുകൊണ്ടെഴുതിയ ചില കൃതികൾ മലയാളത്തിലുണ്ടു്. ബ: ബർണ്ണാർദച്ചൻ എഴുതിയ "മാർത്തോമ്മാക്രിസ്ത്യാനികൾ" (1916), ശ്രീ ജോസഫ് ചാഴികാടൻെറ 'തെക്കുംഭാഗസമുദായ ചരിത്രം' ഇത്യാദി ആ വിഭാഗത്തിൽപ്പെടുന്നവയാണ് ഇത്തരം ഗ്രന്ഥങ്ങളിലൂടെ ഗവേഷണബുദ്ധ്യാ സഞ്ചരിച്ച ശ്രീ. ജോസ് ഒരു പുതിയ പാത വെട്ടിത്തുറക്കുവാൻ ശ്രമിക്കുകയാണ് തൻെറ ഗ്രന്ഥത്തിലൂടെ.

ശ്രീ എൻ കെ. ജോസിൻെറ നിഗമനങ്ങൾ സംക്ഷിപ്തമായി ഞാൻ അവതരിപ്പിക്കാം. ഇന്നത്തെ കേരള ക്രൈസ്തവർ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

മൂന്നു് വ്യത്യസ്ഥറീത്തുകളിലായി കേവലം ഒരു ന്യൂനപക്ഷമായി കഴിയുന്നതിനുള്ള കാരണം നമ്മുടെ നാടിനുയോജിച്ച ഒരു റീത്തു് ഇതുവരെ ഉണ്ടാകാത്തതുകൊണ്ടാണു്. റീത്തുകളുടെ അനഭിഗമ്യത നമുക്കു് ഒരു വൈതരണിയാകുന്നു. അതുകൊണ്ടു് ഇക്കാര്യത്തിൽ നാം ഒരു പുതിയ നിലപാടു് സ്വീകരിക്കണം.

സെൻറു് തോമസ് മതപ്രചരണംനടത്തിയതും കേരള ക്രൈസ്തവരുടെ ആരാധനാഭാഷയായി സ്വീകരിച്ചതും കൽദായ സുറിയാനി ഭാഷയായിരുന്നു എന്നുള്ളതു് ശ്രീ. ജോസു് അംഗീകരിക്കുന്നില്ല. എ. ഡി ഒന്നാംനൂററാണ്ടിൽ നിലവിലിരുന്ന ചോളപാണ്ഡ്യകേരള രാജ്യങ്ങൾ പരക്കെ സംസാരിച്ചുകൊണ്ടിരുന്ന ചെന്തമിഴ് (പ്രാചീന തമിഴ്) ആയിരുന്നിരിക്കണം ഭാരതാപ്പസ്തോലൻ ആരാധനാഭാഷയായി ഇവിടെ നടപ്പാക്കിയതു് എന്നു് അദ്ദേഹം വിശ്വസിക്കുന്നു. കാരണം, സെൻറു് തോമസ് അക്കാലങ്ങളിൽ ഒരു ദ്വിഭാഷിയുടെ സഹായത്തോടുകൂടി നമ്മുടെ പൂർവ്വികരോടു് സംസാരിച്ചു എന്നതിനേക്കാൾ അദ്ദേഹം ഇന്നാട്ടിലെ ജനങ്ങളുടെ ഭാഷ (ചെന്തമിഴ്) വശമാക്കിയിരുന്നു എന്നു് വിശ്വസിക്കുന്നതാണു് കൂടുതൽ ഔചിത്യപൂർവ്വമായിട്ടുള്ളതു്.

പുരാതനകേരളം, ഗ്രീസ്, റോം, ഈജിപ്ത്, സിറിയാ തുടങ്ങിയ രാജ്യങ്ങളുമായി വ്യാപാരബന്ധത്തിലേർപ്പെട്ടിരുന്നു. പിന്നീടതു് ക്ഷയോന്മുഖമായി. ഏതാണ്ടു് ആറാംനൂററാണ്ടോടുകൂടി ഈ വ്യാപാരബന്ധം പുനസ്ഥാപിക്കപ്പെട്ടു. ഇതേത്തുടർന്നു് ആറാംനൂററാണ്ടോടുകൂടി കേരള ക്രൈസ്തവരുടെ ആരാധനാഭാഷ സുറിയാനിയായിത്തീർന്നു. ആചാരാനുഷ്ഠാനങ്ങളിൽ പാശ്ചാത്യ സംസ്കാരത്തിൻെറ നിറം കലരുകയും ചെയ്തു.

ജോസഫ് ഉണ്ണികുന്നേൽ

'ദീപനാളം', പാലാ

72 ഫെബ്രുവരി 10

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കേരള ക്രൈസ്തവസമുദായത്തിൻെറ ചരിത്രത്തിലെ പല ഘട്ടങ്ങളും അന്ധകാരാവൃതമാണെന്നു് സമ്മതിക്കാതെ തരമില്ല. പോർട്ടുഗീസുകാരുടെ ആഗമനത്തിനുമുമ്പുള്ള കാലഘട്ടത്തെപ്പററിയാണെങ്കിൽ അങ്ങിങ്ങു് ചില ചെറിയ ജോതിസ്സുകളുണ്ടെങ്കിലും അവപോലും മങ്ങിക്കിടക്കുകയാണു്. ഈ കാലഘട്ടത്തിലെല്ലാം മാർത്തോമ്മാ ക്രിസ്ത്യാനികളെന്നു് തങ്ങളെത്തന്നെ വിളിച്ചിരുന്ന ഒരു ക്രൈസ്തവസമുദായം ഇവിടെ ഉണ്ടായിരുന്നു എന്നതുമാത്രമേ ഒരു വസ്തുതയായുള്ളു. അതിനാൽ ആ കാലഘട്ടത്തെപ്പററി വെളിച്ചംവീശുന്നതിനുപര്യാപ്തമായ ഏതു പഠനത്തേയും ഗവേഷണത്തേയും സ്വാഗതംചെയ്യുകതന്നെവേണം. പക്ഷെ ഇക്കാര്യത്തിൽ മുൻവിധികളോ സ്ഥാപിതതാല്പര്യങ്ങളോ കൂടാതെ ഒരു ശിശുവിൻെറ നിഷ്കപടതയോടുകൂടി പ്രശ്നങ്ങളെ സമീപിക്കണമെന്നേയുള്ളു

ഒന്നാംനൂററാണ്ടുമുതൽ ഇവിടെയുണ്ടായിരുന്ന ക്രൈസ്തവസമുദായം ആരാധന നടത്തിയിരുന്നുവെന്നുള്ളതു് വ്യക്തമാണല്ലോ. എന്നാൽ അതു് ഏതു ഭാഷയിലായിരുന്നുവെന്നു് നമുക്കു് വ്യക്തമായ തെളിവുകളൊന്നുമില്ല. കേരളീയ ക്രിസ്ത്യാനികളുടെ ആരാധനാക്രമത്തെപ്പററി എന്തെങ്കിലും അറിയാവുന്നഘട്ടത്തിൽ അവർ പൗരസ്ത്യസുറിയാനി ഭാഷയാണു് അതിലേയ്ക്കുപയോഗിച്ചിരുന്നതെന്നു് നമുക്കറിയാം അതുകൊണ്ടു് ആദ്യകാലംമുതൽ അങ്ങനെ ആകണമെന്നില്ല ഈ വിഷയത്തെപ്പററിയുള്ള ഒരു അന്വേഷണമാണു് ശ്രീ എൻ. കെ. ജോസിൻെറ ഈ കൃതി ഇതു് അദ്ദേഹം എഴുതിവരുന്ന 'നസ്രാണി' എന്ന ഗ്രന്ഥത്തിൻെറ ഒരു അദ്ധ്യായത്തിൻെറ സംഗ്രഹമാണത്രേ.

കുടുംബദീപം
73 ഫെബ്രുവരി

എം. ഒ. ജോസഫ്
നെടുങ്കുന്നം.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# “ആദിമകേരള ക്രൈസ്തവരെ”പ്പററി

## I

കേരള ക്രൈസ്തവരുടെ ഉത്ഭവത്തേയും വളർച്ചയേയുംപററി പ്രതിപാദിക്കുന്ന പ[illegible]ഖ ഗ്രന്ഥങ്ങളും നമുക്ക് ലഭിച്ചിട്ടുണ്ട്. ദിവ്യശ്രീമാനായ ബെണ്ണാർദച്ചന്റെ ‘മാർത്തോമ്മാക്രിസ്ത്യാനികൾ’ ജോസഫ് ചാഴികാടന്റെ ‘തെക്കുംഭാഗ സമുദായചരിത്രം’ എം. ഒ. ജോസഫിന്റെ ‘കേരള ക്രിസ്ത്യാനികൾ’ ഇസഡ്. എം. പാറേട്ടിന്റെ ‘മലങ്കര നസ്രാണികൾ’ വി. സി. ജോർജ്ജിന്റെ ‘The Syro-Chaldean Church in Malabar’ എന്നിവ ഈ വിഷയത്തെപ്പററി സമഗ്രമായി പ്രതിപാദിച്ചിട്ടുള്ള കൃതികളാണ്. ഇവയ്ക്കുപുറമെ ശ്രീ എ. ശ്രീധരമേനോന്റെ ‘കേരള ചരിത്രം’ എസ്. ശങ്കഅയ്യരുടെ ‘കേരള ചരിത്രത്തിലെ അജ്ഞാത ഭാഗങ്ങൾ’ ഇളംകുളം കുഞ്ഞൻപിള്ളയുടെ കൃതികൾ, കെ. ദാമോദരന്റെ ‘കേരള ചരിത്രം’ ലോഗന്റെ ‘മലബാർ മാനുവൽ’ അച്ചുതമേനോന്റെ ‘കൊച്ചിൻ മാനുവൽ’ തുടങ്ങിയ ഗ്രന്ഥങ്ങളും ഈ വിഷയം സംബന്ധിച്ച് വെളിച്ചംവീശിയിട്ടുള്ള കൃതികളാണ്. ഈദൃശമായ പുസ്തകസമൂഹത്തിൽപ്പെടുത്താവുന്ന ഏററവും ആധുനികമായ ഗ്രന്ഥമാണ് ‘നസ്രാണി’ അചിരേണ പ്രസിദ്ധീകൃതമാകുവാൻപോകുന്ന ഗണനാർഹമായൊരു ഗ്രന്ഥമാണിത്. ബൃഹത്തായ പ്രസ്തുത ഗ്രന്ഥത്തിലെ ഒരു ഭാഗത്തിന്റെ സംഗ്രഹമാണ് “ആദിമ കേരള ക്രൈസ്തവർ” ചുരുക്കിപ്പറഞ്ഞാൽ ഏകാഗ്രമായ ചിന്തയുടേയും നിസ്തന്ദ്രമായ പ്രയത്നത്തിന്റേയും, പരന്ന വായനയുടേയും, തളരാത്ത പ്രതിഭയുടേയും പരിണിതഫലമാണ് ഈ വിശിഷ്ട ഗ്രന്ഥം.

ഇതിന്റെ കർത്താവ് മലയാളത്തിലെ പത്രമാസികകളിൽ വിജ്ഞാനപ്രദാനങ്ങളായ ലേഖനങ്ങൾ അനുസ്യൂതമായി എഴുതിക്കൊണ്ടിരിക്കുന്ന വശ്യവചസ്സായൊരു ലേഖകനും, ‘സാംസ്കാരിക ഇൻഡ്യ’, ‘മുതലാളിത്തം ഭാരതത്തിൽ’, ‘ചരിത്രത്തിന്റെ തത്വശാസ്ത്രം’, ‘പ്രശ്നകേരളം’, ‘ഇൻഡ്യൻ സോഷ്യലിസം’ തുടങ്ങി ഒട്ടേറെ ഗ്രന്ഥതല്ലജങ്ങളുടെ രചയിതാവും ആയ ശ്രീ. എൻ. കെ. ജോസാണ്. വിദ്യാർത്ഥിയായിരുന്നകാലംമുതൽക്കേ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

സ്വാതന്ത്ര്യചിന്താഗതിയും നിർഭീകമായ അഭിപ്രായപ്രകടനശീലവും പ്രദർശിപ്പിച്ചിട്ടുള്ള ഉത്തിഷ്ഠമാനനായൊരു യുവാവാണ് ശ്രീ. ജോസ്.

മുമ്പ് സൂചിപ്പിച്ച ഗ്രന്ഥങ്ങൾ സനിഷ്ക്കർഷം പഠിച്ച ശ്രീ. ജോസ് അവയിൽ കാണുന്ന പല അഭിപ്രായങ്ങളോടും പൂർണ്ണമായി യോജിക്കുന്നില്ല. നമ്മുടെ ഇടയിൽ നിലവിലിരിക്കുന്ന പല ആചാരങ്ങളേയും വിശ്വാസങ്ങളേയും അദ്ദേഹം ചോദ്യംചെയ്യുന്നു. സ്വാതന്ത്ര്യമായ ചിന്തയുടേയും സമഗ്രമായ പഠനത്തിൻെറയുംഫലമായി അദ്ദേഹം അഭിനവമായ നിഗമനങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു. വി തോമസിൻെറകാലത്ത് കേരളം ഒരു യഹൂദകോളനിയായിരുന്നു എന്നും അദ്ദേഹം ഇവിടെ വന്നിട്ട് യഹൂദരെയായിരുന്നു മാനസാന്തരപ്പെടുത്തിയതെന്നും ഒരു വാദഗതിയുണ്ടല്ലോ. ശ്രീ ജോസ് ഈ അഭിപ്രായം സ്വീകരിക്കുന്നില്ല. ജറുസലേമിൽവച്ച് മതപരിവർത്തനംചെയ്ത യഹൂദർ കേരളത്തിൽ കുടിയേറിപ്പാർത്തു എന്ന വാദവും ശ്രീ. ജോസ് നിരാകരിക്കുന്നു

അങ്ങനെയെങ്കിൽ കേരളത്തിലെ ആദിമ ക്രൈസ്തവർ ആരായിരുന്നു? 19 നൂററാണ്ടുകാലത്തെ പഴക്കമുള്ള കേരള ക്രിസ്ത്യാനികളുടെ ആദിപിതാക്കന്മാർ ഏതു വംശജരാണ്? കള്ളി, കാളിയൻകാവ്, ശങ്കരപുരി, പകലോമററം എന്നീ നാലു് നമ്പൂതിരി കുടുംബങ്ങളാണോ കേരള ക്രൈസ്തവരുടെ മൂലത്തറവാടുകൾ?

കേരളത്തിൽ ആദ്യംതുടങ്ങിവസിച്ചിരുന്നൊരു ജനസമുദായം ഉണ്ടായിരുന്നു. ഇവരെ ആദിമനിവാസികൾ എന്നു പറയാവുന്നതാണ്. പിന്നീടാണ് ദ്രാവിഡർ ഇവിടെ കുടിയേറിപാർത്തതു്. കുറെക്കാലംകൂടി കഴിഞ്ഞാണ് ആര്യന്മാർ കേരളത്തിൽ പ്രവേശിച്ചതു്. വി. തോമസ് കേരളത്തിൽ എത്തിയ എ. ഡി. ആദ്യശതാബ്ദത്തിൽ ആദ്യംപറഞ്ഞ രണ്ടുകൂട്ടരേ ഉണ്ടായിരുന്നുള്ള എന്നു് പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. പതിനൊന്നാംശതകത്തിൻെറ അന്ത്യഘട്ടംമുതൽക്ക നമ്പൂതിരിമാക്ക് കേരളത്തിൽ ആധിപത്യം സിദ്ധിച്ചിട്ടുള്ള എന്നാണ് രേഖകൾകൊണ്ടു് തെളിയുന്നതു്.

പിന്നെ ആരായിരുന്നു കേരളത്തിലെ ആദിമ ക്രൈസ്തവർ?

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ശ്രീ. ജോസിൻെറ അഭിപ്രായമനുസരിച്ച് പാണരും, പണിയരും, പറയരും മററതുപോലെയുള്ള ദ്രാവിഡരുമായിരുന്ന ബുദ്ധമതത്തിൽനിന്നും, ദ്രാവിഡമതത്തിൽനിന്നും നേരിട്ട് ക്രൈസ്തവമതത്തിലേയ്ക്കു് മാനസാന്തരപ്പെട്ടതു്. അവരാണു് കേരളത്തിലെ ആദിമ ക്രൈസ്തവരുടെ പിതാക്കൾ. അവർ ശുദ്ധദ്രാവിഡരായിരുന്നു. അവരിൽ ആര്യരക്തം ഒട്ടുംതന്നെ കലർന്നിട്ടില്ല

ശ്രീ. ജോസിൻെറ ചിന്താസന്താനമായ അഭിപ്രായമാണിതു്. കേരളത്തിൽ ഇന്നു പൊതുവെ അംഗീകരിച്ചുപോന്നിട്ടുള്ള പാരമ്പര്യവിശ്വാസത്തിൽ പ്രബോധിതരായ വായനക്കാർക്കു് ഇതു് പ്രിയംകരമായിരിക്കുകയില്ല. ഈ പാരമ്പര്യവിശ്വാസത്തെപ്പററിയും ചിന്താശീലനായ ശ്രീ ജോസിനു് ചിലതു് പറയുവാനുണ്ടു്. ''കേരളത്തിലെ സാമൂഹ്യരംഗത്തെ ഉന്നതന്മാരായ രണ്ടു വർഗ്ഗക്കാർചേർന്നു് തങ്ങളുടെ നിലനില്പിനും സ്വാർത്ഥതാല്പര്യത്തിനുംവേണ്ടി കെട്ടിച്ചമച്ച ഐതിഹ്യങ്ങളും കെട്ടുകഥകളുമാണു് ഇന്നു് നമ്മുടെ പാരമ്പര്യങ്ങളും വിശ്വാസങ്ങളുമായി മാറിയിരിക്കുന്നതു്''.

സർവ്വഥാ പാരായണാർഹമായ ഈ ഗ്രന്ഥത്തിൽ ശ്രീ. ജോസ് പ്രപഞ്ചനംചെയ്തിരിക്കുന്ന നൂതനമായ നിഗമനത്തിൻെറ സംഗ്രഹമാണിതു്. ഇതു് തെററാണെന്നോ അല്ലെന്നോ പെട്ടെന്നു പറയുക സുസാദ്ധ്യമല്ല. എല്ലാംകൊണ്ടും പഠനാർഹമായ ഒരഭിപ്രായമാണിതെന്നു് ഞാൻ സമ്മതിക്കുന്നു. നിഷ്പക്ഷമതികളായ പണ്ഡിതന്മാരുടെ സവിശേഷശ്രദ്ധ സർവ്വഥാ അർഹിക്കുന്ന ഒരു അഭിപ്രായമാണിതു്. ഈ ഗ്രന്ഥപ്രകാശനംകൊണ്ടു് ശ്രീ. ജോസ് ഉദ്ദേശിക്കുന്നതു് അദ്ദേഹത്തിൻെറ അഭിനവമായ ഈ നിഗമനം കേരള പണ്ഡിതന്മാർ എത്രമാത്രം ആദരിക്കുന്നു എന്നറിയുകയാണു്.

**പ്രൊഫ: എം. എം. മാണി M. A.**

സത്യദീപം

1974 ജനുവരി 25

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



കേരള ക്രിസ്ത്യാനികളേയും അവരുടെ സംസ്കാരപാരമ്പര്യാദികളേയും ആസ്പദമാക്കി മലയാളത്തിൽമാത്രമല്ല ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ തുടങ്ങിയ യൂറോപ്യൻ ഭാഷകളിലും നിരവധി ഗ്രന്ഥങ്ങളും പ്രബന്ധങ്ങളും ഇതിനകം പുറത്തുവന്നിട്ടുണ്ട്. അവയിൽ പലതിലും കേരള ക്രിസ്ത്യാനികളിൽ ഒരു വിഭാഗമായ മാർത്തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ച് അടിസ്ഥാനപരമായ കെട്ടുകഥകളും അതിശയോക്തിപരമായ ജല്പനങ്ങളും ഭാവനാനിർമ്മിതങ്ങളായ ഊഹാപോഹങ്ങളും കുറെയെല്ലാം കടന്നുകൂടിയിട്ടുണ്ടെന്ന് സമ്മതിക്കാതെ തരമില്ല വിമർശനബുദ്ധികളല്ലാത്തവർ ഇങ്ങനെയുള്ള പുസ്തകങ്ങൾ വായിക്കുന്നതിന്റെഫലമായി പുസ്തകത്തിൽ കാണുന്നതു അതേപടി വിശ്വസിക്കുന്നതിനും തദ്വാരാ പല തെററിദ്ധാരണകളും മുൻവിധികളും ഒരുതരം ആത്മീയസംഭീതിതന്നെയും വച്ചുപുലർത്തുന്നതിനും ഇടയാകുന്നു. പ്രസ്തുത തെററിദ്ധാരണകളുടേയും മുൻവിധികളുടേയും മറവും പൊയ്മുഖങ്ങളെ തട്ടിത്തെറിപ്പിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ശ്രീമാൻ എൻ. കെ. ജോസിന്റെ "ആദിമ കേരള ക്രൈസ്തവർ".

ഈ വിഷയത്തിൽ കൂടുതൽ വെളിച്ചംവീശുന്ന ഗ്രന്ഥങ്ങൾ ഇനിയും പുറത്തുവരേണ്ടിയിരിക്കുന്നു. യാഥാർത്ഥ്യത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുന്നതിനായി അതിനാൽ ചരിത്രപഠിതാക്കളെയും ചരിത്രഗവേഷകന്മാരേയും ഉത്തേജിപ്പിക്കുവാൻ പോരുന്ന ഒരു രാസത്വരകമായി പ്രവർത്തിക്കട്ടെ ശ്രീമാൻ എൻ. കെ. ജോസിന്റെ 'ആദിമ കേരള ക്രൈസ്തവർ' എന്നു് ആശംസിച്ചുകൊള്ളുന്നു.

**ഫാ: സക്കറിയാസ് ഒ. സി. ഡി.**

**കാർമ്മൽ,**

**ഫെബ്രുവരി 1974**

www.TheCMSIndia.org

"എ. ഡി. 190-ൽ അലക്സാണ്ഡ്റിയാ സർവ്വകലാശാലയു ടെ അദ്ധ്യക്ഷനായിരുന്ന പന്തേനൂസ് കേരളത്തിൽ വരികയും ഇവിടത്തെ മററ മതപണ്ഡിതന്മാരുമായി തർക്കിച്ച് വിജയംവ രിക്കുകയും ചെയ്ത അതിനു സമ്മാനമായി സെൻറ് തോമസ് കേരള ക്രിസ്ത്യാനികൾക്കുനൽകിയ വി. മത്തായിയുടെ സുവി ശേഷം ഇവിടെനിന്നും കൊണ്ടുപോയി" എന്ന് "ആദിമകേരള ക്രൈസ്തവർ" എന്ന എൻെറ പുസ്തകത്തിലെ 16-ാംപേജിൽ സെൻറ് തോമസ് കേരളത്തിൽ വന്നതിൻെറ അനേകം തെളി വുകളിൽ ഒന്നായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ സുവി ശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ടതു് മർക്കോസിൻെറ സുവിശേ ഷമാണെന്നും അതെഴുതിയതു് എ. ഡി. 65-നും 70-നും ഇട യ്ക്കാണെന്നും, മത്തായിയുടേയും ലൂക്കായുടേയും സുവിശേഷം എ ഴുതിയതു് 80-നും 90-നും ഇടയ്ക്കാണെന്നും പൊതുവേ ധാരണ യുണ്ടെന്നു് ഡബ്ലിയു. ജി കുമ്മേൽ (W. G. Kummel) Introduction to the New Testament എന്ന ഗ്രന്ഥത്തിൽ (London S. C. M. Press 1966) സമർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത അഭിപ്രായ ത്തിൻെറ വെളിച്ചത്തിൽ എ. ഡി. 72-ൽ ഇൻഡ്യയിൽവച്ച് മൃതിയടഞ്ഞ സെൻറ് തോമസ് എ. ഡി. 80 നു ശേഷം എഴു തപ്പെട്ട മത്തായിയുടെ സുവിശേഷം ഇവിടെ കൊണ്ടുവന്നുവെ ന്നും അതു് പന്തേനൂസ് ഇവിടെനിന്നും കൊണ്ടുപോയി എന്നു മുള്ള വാദഗതി ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ട താണു്.

**എൻ. കെ. ജോസ്**

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ഉള്ളടക്കം

കേരള ക്രൈസ്തവ താമ്രശാസനങ്ങൾ
തഴയ്ക്കാട്ടുപള്ളിശാസനം
ശാസനസ്വരൂപം
തരീസാപ്പള്ളിശാസനങ്ങൾ
ശാസനം No. I
ശാസനം No. II
ചെപ്പേടിന്റെ കാലം
ശാസനങ്ങളുടെ പ്രയോജനം
ഇരവികോർത്ത നൻചെപ്പേട്
പട്ടയസ്വരൂപം
ശാസനകാലം
ചെപ്പേടിന്റെ പ്രാധാന്യം
ക്നായിത്തൊമ്മൻ ചെപ്പേട്
ചെപ്പേടിന്റെ പരിഭാഷ I
,, II
ചെപ്പേട് നഷ്ടപ്പെട്ടുവോ?
ചെപ്പേടിന്റെ കാലം

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# കേരള ക്രൈസ്തവ താമ്രശാസനങ്ങൾ

ആദിമകേരള ക്രൈസ്തവക്ക് കേരളത്തിലെ പുരാതന നാടുവാഴികളിൽനിന്ന് ഏതാനും താമ്രശാസനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയാണ് കേരള ക്രൈസ്തവ താമ്രശാസനങ്ങൾ; അഥവാ ക്രിസ്ത്യൻ ചെപ്പേടുകൾ; അല്ലെങ്കിൽ ചെമ്പുപട്ടയങ്ങൾ. ചെമ്പുതകിടിന്മേൽ എഴുതിയ രാജകല്പനകൾ എന്ന കാരണത്താലാണ് അവയെ ചെപ്പേടുകൾ എന്നു പറയുന്നത്.

തരിസാപ്പള്ളിശാസനങ്ങൾ, ഇരവികോത്ത നൻചെപ്പേട് അഥവാ വീരരാഘവപ്പട്ടയം, ക്നായിത്തൊമ്മൻ ചെപ്പേട് എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. തരിസാപ്പള്ളിശാസനങ്ങൾ രണ്ടുള്ളതിനാൽ ചില ചരിത്രകാരന്മാർ അവയെ രണ്ടായി കണക്കാക്കി മൊത്തം നാല് താമ്രശാസനങ്ങൾ എന്നു പറയുന്നുണ്ട്. (ടി. കെ ജോസഫ്)

അവ കൂടാതെ എ ഡി. 1028 മുതൽ 1043 വരെ കേരളം ഭരിച്ചിരുന്ന രാജസിംഹകുലശേഖരചക്രവർത്തിയുടെകാലത്ത് എഴുതപ്പെട്ടത് എന്നു കരുതുന്ന 'തഴക്കാട്ടുപള്ളിശാസനവും' ക്രൈസ്തവതാമ്രശാസനങ്ങളിൽപ്പെടുത്താവുന്നവയാണെന്ന് അഭിപ്രായപ്പെടുന്ന ചരിത്രകാരന്മാരുമുണ്ട്. അതുംകൂടി കണക്കിലെടുക്കുകയാണെങ്കിൽ മൊത്തം അഞ്ച് താമ്രശാസനങ്ങൾ പുരാതന കേരള ചക്രവർത്തിമാർ ക്രൈസ്തവക്ക് നൽകിയിട്ടുണ്ട്. ഇവ അഞ്ചും വാണിജ്യവുമായി ബന്ധപ്പെട്ടവയാണ്. വാണിജ്യവുമായി ബന്ധപ്പെട്ട താമ്രശാസനങ്ങളിൽ ഇന്നുവരെ കണ്ടുകിട്ടിയിട്ടുള്ള ആറെണ്ണത്തിൽ അഞ്ചും ക്രൈസ്തവക്ക് നൽകപ്പെട്ടിട്ടുള്ളതാണ്. എ. ഡി. 999-ൽ എഴുതപ്പെട്ട ജൂതശാസനമാണ് ശേഷിച്ച ഒരെണ്ണം. പുരാതന കേരളത്തിലെ ക്രൈസ്തവരുടെ മുഖ്യതൊഴിൽ വാണിജ്യമായിരുന്നു എന്നും അവരുടെ വാണിജ്യം നാടിന്റെ ശ്രേയസ്സിന് ഒരു ഉപാധിയായിരുന്നു എന്നും ഈ താമ്രശാസനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# തഴയ്ക്കാട്ടുപള്ളിശാസനം

പുരാതനകേരളത്തിലെ രണ്ടു് വ്യാപാരികൾക്കു് കച്ചവട പീടികകൾ പണിയുന്നതിനുള്ള അവകാശം നൽകുന്നതാണു് തഴയ്ക്കാട്ടുപള്ളിശാസനത്തിൻെറ ഉള്ളടക്കം. തഴയ്ക്കാട്ടുപള്ളി ഇരിങ്ങാലക്കുടയ്ക്കടുത്താണു്. ചാത്തൻ വടുകനും, ഇരവിചാത്തനുമാണു് പ്രസ്തുത വ്യാപാരികൾ. പേരുകൊണ്ടു് അവർ ക്രൈസ്തവർ ആണെന്നോ അല്ലെന്നോ ധരിക്കേണ്ടതില്ല. ക്രൈസ്തവരുടേയും അക്രൈസ്തവരുടേയും പേരുകൾതമ്മിൽ അന്നു് വ്യത്യാസമില്ലായിരുന്നു.

പോർട്ടുഗീസ് മിഷനറിമാർ കേരളത്തിൽവന്നു് മതപരിവർത്തനം ചെയ്യുന്നവർക്കു് ക്രിസ്ത്യൻ പേരുകൾ നൽകുന്ന ഏർപ്പാടു് ഇവിടെ ആരംഭിച്ചതിനുശേഷമാണു് ക്രിസ്ത്യാനികൾക്കു് ക്രിസ്ത്യൻ പേരുകളും സിറിയൻ പേരുകളും ഉണ്ടായതു്. അതിനുമുമ്പു് തനികേരളീയനാമങ്ങളായിരുന്നു കേരള ക്രിസ്ത്യാനികൾ ഉപയോഗിച്ചുകൊണ്ടിരുന്നതു് എന്നു് ഉദയംപേരൂർ സൂനഹദോസിൻെറ നടപടികളിൽനിന്നും മനസ്സിലാക്കാം. എന്നാൽ വിദേശത്തുനിന്നും ഇവിടെ കുടിയേറിപ്പാർത്ത ക്രൈസ്തവരും അവരുടെ സന്താനങ്ങളും തങ്ങൾവന്നദേശത്തു് ഉപയോഗിച്ചുകൊണ്ടിരുന്ന പേരുകൾതന്നെ ഇവിടെയും ഉപയോഗിച്ചുപോന്നു.

സെൻറു് തോമസ് എ. ഡി. 52-ൽ കേരളത്തിൽ വന്നപ്പോൾ ഇവിടെ അദ്ദേഹം മാനസാന്തരപ്പെടുത്തിയവർക്കു് കേപ്പാ എന്നും, തോമ്മാ എന്നും മററും പേരുകൾ നൽകി എന്നു് ചില ക്രിസ്ത്യൻ ചരിത്രകാരന്മാർ എഴുതിവച്ചിരിക്കുന്നതു് ചരിത്രത്തിനു നിരക്കാത്തവയാണു് അങ്ങനെ മതപരിവർത്തനത്തോടുകൂടി പേരുമാററവും നടത്തിയിരുന്നു എന്നതിനെ തെളിയിക്കുന്ന യാതൊരു ചരിത്രരേഖയും ഇന്നുവരെ കണ്ടുകിട്ടിയിട്ടില്ല എന്നതാ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ണ് യാഥാർത്ഥ്യം. എന്നാൽ മറിച്ച് കേരളീയനാമങ്ങളിൽ അറിയപ്പെടുന്ന പല ക്രൈസ്തവരെപ്പററിയുമുള്ള ചരിത്രരേഖകൾ നമുക്ക് ലഭിച്ചിട്ടുമുണ്ട്. വീരരാഘവപ്പട്ടയംതന്നെ അതിനുദാഹരണമാണ്. അതിൽ പറയുന്ന ഇരവിയും കോത്തനും മററും ക്രൈസ്തവരാണെന്നു പറയുന്ന ചരിത്രകാരന്മാർ അതേശ്വാസത്തിൽത്തന്നെ ആ കാലഘട്ടത്തിൽ കേരളീയ ക്രൈസ്തവർ ക്രൈസ്തവനാമങ്ങളാണ് ഉപയോഗിച്ചിരുന്നതു് എന്നുകൂടി പറയുന്നതു് എത്ര പരിഹാസ്യമാണ്.

ചാത്തനെന്നും, വടുകനെന്നും, ഇരവിയെന്നും, കോത്തനെന്നും മററുമുള്ള പേരുകൾ അന്ന് ഹിന്ദുനാമങ്ങളായിരുന്നില്ല. ഏ. ഡി. 800-ൽ ഭരണമാരംഭിച്ച കുലശേഖരന്മാരുടെ കാലഘട്ടത്തിനുമുമ്പ് ഇവിടെ ഹിന്ദുമതത്തിനുതന്നെ പറയത്തക്കപ്രാധാന്യമൊന്നുമുണ്ടായിരുന്നില്ല. ജൈനമതവും, ബുദ്ധമതവുമാണ് ക്രിസ്തുമതംകൂടാതെ ആ കാലഘട്ടത്തിൽ ഇവിടെ പ്രചരിച്ചതു്. ഈ മതങ്ങളിലൊന്നിലും വിശ്വസിക്കാതിരുന്നവർ തങ്ങളുടെ പുരാതനവിശ്വാസമായ ദ്രാവിഡാചാരത്തിൽ നിലനിന്നുപോന്നു. ദ്രാവിഡാചാരം ഒരു മതമായിരുന്നില്ല. ഒരു ജനസമൂഹത്തിന്റെ വളർച്ചയിൽ ആവശ്യത്തിൽനിന്നും രൂപംകൊണ്ട ചില ആശയങ്ങളും, ആചാരങ്ങളും, നടപടികളുംമാത്രമായിരുന്നു. ഹിന്ദുമതം കേരളത്തിൽ വ്യാപിക്കുന്നതുതന്നെ ഒൻപതാം നൂററാണ്ടോടുകൂടിയാണ്. (വിശദീകരണം ആദിമകേരള ക്രൈസ്തവരിൽ) അതിനാൽ ഏ. ഡി. ആദ്യനൂററാണ്ടിൽ കേരളത്തിൽ മനുഷ്യനു നൽകിയിരുന്ന പേരുകൾ യഥാർത്ഥ കേരളീയനാമങ്ങളാണ്. പിന്നീട് ക്രൈസ്തവർ ആ പേരുകൾ ഉപേക്ഷിക്കുകയും ഹിന്ദുക്കൾ അതിൽത്തന്നെ ഉറച്ചുനിൽക്കുകയും ചെയ്തതിനാൽ ഇന്ന് അതു് ഹിന്ദുനാമങ്ങളായി അറിയപ്പെടുകയാണ്. അങ്ങനെ ഐശ്വര്യപൂർണ്ണവും സമ്പൽസമൃദ്ധവും പുരാതനവുമായ പലതും കേരളീയമായിരുന്നു. കേരളീയമെന്നനിലയിൽ കേരളത്തിലെ എല്ലാ മതവിശ്വാസികളുമടങ്ങിയ ജനസമൂഹ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

ത്തിന്റേതുമായിരുന്നു. പിന്നീട് വിദേശീയമായതിൽമാത്രം മഹത്വം കണ്ടെത്തിയ ക്രൈസ്തവർ സ്വമനസ്സാലെ അതുപേക്ഷിച്ചു. ഈ നാട്ടിൽ സ്വന്തംവീട്ടിൽ അന്യരായി വളന്നുവരികയാണുണ്ടായതു്. ആ വൈദേശിക മനസ്ഥിതി ഇന്നും ഒരു പരിധിവരെ കേരളക്രിസ്ത്യാനികളിൽ സ്വാധീനതചെലുത്തുന്നുണ്ടു്. കേരളത്തിലും ഇൻഡ്യയിലെ ഇതരഭാഗങ്ങളിലും ക്രൈസ്തവസന്ദേശത്തിനു് വേണ്ടപോലെ സ്വാഗതം ലഭിക്കാതെപോയതു് പ്രസ്തുത വൈദേശിക മനസ്ഥിതിമൂലമല്ലേയെന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ ദ്രാവിഡരും, ബൗദ്ധരും, ജൈനരും, ക്രൈസ്തവരും പിന്നീട് ഹിന്ദുക്കളും എല്ലാം ഉപയോഗിച്ചുകൊണ്ടിരുന്ന പേരുകളുടെ കാര്യത്തിലും അതു സംഭവിച്ചു. പോർട്ടുഗീസുകാർ വരികയും കേരളീയമായ എല്ലാത്തിനേയും വെറുക്കുന്ന സ്വഭാവവിശേഷം കേരള ക്രൈസ്തവരിൽ കുത്തിവയ്ക്കുവാൻ ശ്രമിക്കുകയും ചെയ്തതിനുശേഷമാണ് കേരളീയനാമങ്ങൾ ഹിന്ദുനാമങ്ങളായി മാറിയതു്. അതിനുമുമ്പ് പേരിൽ വ്യത്യാസമുണ്ടാകുന്നതു് മതവിശ്വാസത്തിൻെറ അടിസ്ഥാനത്തിലായിരുന്നില്ല. ഭാഷയുടെ വ്യത്യാസത്തിൻെറ അടിസ്ഥാനത്തിലും പ്രാദേശികവുമായിരുന്നു. ഗോവർദ്ധനൻ എന്നു് സംസ്കൃത ഭാഷാ പ്രണയിനികൾ ഉപയോഗിച്ചിരുന്ന പേരു് തമിഴ് സംസാരിക്കുന്ന പ്രദേശത്തുവന്നപ്പോൾ കോത്തനൻ ആയി.

തഴയ്ക്കാട്ടുപള്ളിശാസനത്തിൽ പറയുന്ന രണ്ടുപേരും മണിഗ്രാമക്കാരായിരുന്നു മണിഗ്രാമം എന്നതിനു് കച്ചവടസംഘം എന്നാണു് അർത്ഥം. അതൊരു പ്രത്യേക ഗ്രാമത്തിൻെറ പേരായി കരുതുന്ന ചരിത്രകാരന്മാരും ഉണ്ടു്. (പി. തോമസ് 'ഭാരതത്തിലേയും പാക്കിസ്ഥാനിലേയും ക്രിസ്തുമതം' പേജ് 35) മണിഗ്രാമം തഴയ്ക്കാട്ടുപള്ളിശാസനത്തിലും, വീരരാഘവപ്പട്ടയത്തിലും, തരിസാപ്പള്ളിശാസനത്തിലും എല്ലാം പരാമർശനവിഷയമാ

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

ണ്. തഴക്കാട്ടുപള്ളി ഇരിങ്ങാലക്കുടയ്ക്കടുത്താണെങ്കിൽ, തരിസാപ്പള്ളി കൊല്ലത്താണ്. വീരരാഘവപ്പട്ടയം എഴുതിയസ്ഥലം വ്യക്തമല്ല. കൊടുങ്ങല്ലൂരെന്നു വിശ്വസിക്കപ്പെടുന്നു. അങ്ങനെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച് എഴുതപ്പെട്ട ശാസനങ്ങളിൽ മണിഗ്രാമം ഉപയോഗിക്കപ്പെട്ടതിൽനിന്നുതന്നെ അതൊരു പ്രത്യേക ഗ്രാമത്തിന്റെ പേരല്ലായെന്നു് വ്യക്തമാണ്.

വ്യാപാരവുമായി ബന്ധപ്പെട്ട എല്ലാ ശാസനങ്ങളും ക്രൈസ്തവർക്കോ ജൂതന്മാർക്കോ നൽകപ്പെട്ടിട്ടുള്ളവയാണ് എന്നു മുമ്പ് പ്രസ്താവിച്ചുവല്ലോ. ജൂതന്മാർക്ക് നൽകപ്പെട്ടിട്ടുള്ള ശാസനങ്ങൾ അതിലെ പേരുകൊണ്ടുതന്നെ തിരിച്ചറിയാം യഹൂദമതത്തിലേയ്ക്കു് നാട്ടുകാരെ മതപരിവർത്തനം ചെയ്യിക്കുന്ന പതിവും ഇല്ലാതിരുന്നതിനാൽ കുടിയേറിത്താമസിക്കുന്ന യഹൂദർ മാത്രമാണ് കേരളത്തിലുണ്ടായിരുന്നതു്. അവർക്ക് അവരുടെ തനതായ പേരുകളും ഉണ്ടായിരുന്നു അതിനാൽ എ. ഡി. 999–ൽ എഴുതപ്പെട്ട ജൂതശാസനം കച്ചവടസംബന്ധമാണെങ്കിലും ഈസപ്പ് റമ്പാന് എഴുതപ്പെട്ടതിനാൽ യഹൂദർക്ക് നൽകിയതാണ് എന്നു വ്യക്തമാണ്.

വ്യാപാരസംബന്ധമായ മററു ശാസനങ്ങളെല്ലാം ക്രൈസ്തവർക്ക് ലഭിച്ചവയുമാണ്. പുരാതന കേരളചക്രവർത്തിമാരുടേതായി പ്രത്യേകിച്ചും രണ്ടാം ചേരവംശാവലിയിലെ രാജാക്കന്മാരുടേയും, അവരുടെ സാമന്തന്മാരുടേയും, അവരുടെ സമകാലികരുടേതുമായി വളരെയധികം പുരാതന താമ്രശാസനങ്ങൾ ഇന്നു് ലഭിച്ചിട്ടുണ്ട്. ആശയത്തിന്റെ അടിസ്ഥാനത്തിൽ അവയെ മൊത്തത്തിൽ പലതായി തിരിക്കാവുന്നതാണ്. ക്ഷേത്രങ്ങളിലെ നിത്യനിദാന ചെലവിലേയ്ക്കു് ഭൂമി നൽകുന്നതാണ് ഒട്ടേറെ രേഖകൾ. ചക്രവർത്തിമാരും രാജാക്കന്മാരും കൂടാതെ അന്നത്തെ ജന്മികളും അപ്രകാരം സ്ഥലം ക്ഷേത്രങ്ങളിലേയ്ക്കും അളു

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ഉപസംഹാരം

ആദിമകേരള ക്രൈസ്തവക്ക് ആകെ അഞ്ചു് താമ്രശാസനങ്ങളാണ് പ്രാചീന കേരളത്തിലെ ഭരണാധികാരിവർഗ്ഗത്തിൽനിന്നും ലഭിച്ചതു്. എ. ഡി. 848-ൽ ലഭിച്ച തരിസാപ്പള്ളിശാസനങ്ങൾ ഒന്നും രണ്ടും കൃത്യമായ തീയതി ഇനിയും വ്യക്തമായിട്ടില്ലെങ്കിലും പതിനൊന്നാം നൂററാണ്ടിൽ എന്നു് സംശയലേശമെന്യേ പറയാവുന്ന തഴയ്ക്കാട്ടുപള്ളിശാസനം, എ.ഡി. 1225ൽ ലഭിച്ച വീരരാഘവപ്പട്ടയം അഥവാ ഇരവികോത്തനൻ ചെപ്പേട്, ഇനിയും തീയതി നിശ്ചയിക്കുവാൻ ആവശ്യമായ തെളിവുകൾ ലഭിച്ചിട്ടില്ലാത്ത ക്നായിത്തൊമ്മൻ ചെപ്പേട്, ഇവ അഞ്ചും മൊത്തമായിപ്പറഞ്ഞാൽ ഒൻപതുമുതൽ പതിമ്മൂന്നുവരെയുള്ള നൂററാണ്ടുകളിലാണ് കേരള ക്രൈസ്തവക്ക് ലഭിച്ചതു്

ഈ കാലഘട്ടത്തിൽ കേരളം വാണിരുന്നതു് മഹോദയപുരത്തെ കുലശേഖരന്മാർ അഥവാ രണ്ടാംചേരവംശാവലിയിലെ ചക്രവത്തിമാരും അവരുടെ സാമന്തന്മാരുമാണ്. അവരുടെകാലത്താണ് ഈ ശാസനങ്ങളെല്ലാം എഴുതപ്പെട്ടതു്.

ബുദ്ധ-ജൈനമതങ്ങൾ ക്ഷയിക്കുകയും ഹിന്ദുമതം വളരുകയുംചെയ്ത കാലഘട്ടമായിരുന്നു അതു്. കേരളത്തിലെ ഹിന്ദുമതത്തിനു് രൂപവും ഭാവവും നൽകിയ ആദിശങ്കരാചാര്യർ എ. ഡി. 788 മുതൽ 820 വരെയുള്ള കാലഘട്ടത്തിലാണ് ജീവിച്ചിരുന്നതു് എന്നു് ഇന്നു പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞുവല്ലോ. ശൈവ-വൈഷ്ണവമതങ്ങൾ അതിനുശേഷം കേരളത്തിൽ സുപ്രതിഷ്ഠനേടി. ആഴ്വാർമാരുടേയും നായനാർമാരുടേയും കാലമാണ് അതു്. ഭക്തിപ്രസ്ഥാനം ജനസാമാന്യത്തെ ആകർഷിച്ച ശങ്കരൻേറയും പ്രഭാകരൻേറയും സിദ്ധാന്തങ്ങളുടെ പോരായ്മകൾ അവ തീർത്തു അന്നു് ഇവിടെ പ്രചരിച്ചിരുന്ന ക്രിസ്തുമതസിദ്ധാന്തങ്ങളും മറഞ്ഞുകൊണ്ടിരുന്നുവെങ്കിലും സാമാ

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



ന്യജനങ്ങളുടെ ഹൃദയത്തിൽ ആഴമായി വേരൂന്നിയിരുന്ന ജൈന-ബുദ്ധമത സിദ്ധാന്തങ്ങളും പ്രസ്തുത ഭക്തിപ്രസ്ഥാനത്തിന്റെ വളർച്ചയിൽ കാര്യമായ സ്വാധീനതചെലുത്തി. മലയാള ഭാഷയും സാഹിത്യവും രൂപംകൊണ്ടുതുടങ്ങിയതു് ഇക്കാലത്താണു്. സഹ്യാദ്രിയുടെ പടിഞ്ഞാറുവസിച്ചിരുന്ന ജനങ്ങളുടെ സംസാരഭാഷ അതിന്റെ കിഴക്കുവശത്തുള്ള ജനങ്ങളുടേതിൽനിന്നും വ്യത്യസ്ഥപ്പെട്ടുവാനും തുടങ്ങി. നൂററാണ്ടുയുദ്ധം അതിന്റെ ഒരു പ്രധാന കാരണമായിരുന്നു. പൊതുവെപറഞ്ഞാൽ പുരാതന കേരളത്തിലെ സുവർണ്ണകാലഘട്ടം കുലശേഖരചക്രവർത്തിമാരുടെ കാലമായിരുന്നു

ആ കാലഘട്ടത്തിന്റെ പ്രത്യേകമായ വികാസത്തിന്റെ കാരണങ്ങളിൽ ഏററവും സുപ്രധാനമായതു് അന്നത്തെ വിദേശവ്യാപാരമായിരുന്നു വിദേശവ്യാപാരത്തിന്റെ കുത്തക അന്നു ക്രൈസ്തവർക്കായിരുന്നു. കൊല്ലം, കൊടുങ്ങല്ലൂർ, വിഴിഞ്ഞം, കാന്തള്ളൂർ തുടങ്ങിയ തുറമുഖങ്ങൾ അന്നു് കേരളത്തിന്റെ വാണിജ്യകേന്ദ്രങ്ങളായിരുന്നു അവിടുത്തെ പ്രധാന ജനസമുദായം ക്രൈസ്തവരുമായിരുന്നു. കൊല്ലത്തും കൊടുങ്ങല്ലൂരും മററും അവക്കു് പ്രത്യേക കോളനികളുണ്ടായിരുന്നു. ആ കോളനികൾതന്നെ ചക്രവർത്തിമാർ നേരിട്ടു് ദാനം നൽകിയതാണു്. ക്രൈസ്തവ കോളനികളും അവരുടെ വ്യാപാരവും അവിടെയെല്ലാം ഉണ്ടാകണമെന്നും നിലനിൽക്കണമെന്നുമുള്ള ഭരണാധികാരിവർഗ്ഗത്തിന്റെ ആഗ്രഹത്തിന്റെഫലമാണു് അവ. അതോടൊപ്പം നൽകിയ നികുതിയിളവുകളും നികുതിപിരിവിനുള്ള അവകാശങ്ങളും അതു് സൂചിപ്പിക്കുന്നുണ്ടു്.

അന്നു് ഈ രാജ്യത്തു് ക്രൈസ്തവരെക്കൂടാതെ വ്യാപാരരംഗത്തുണ്ടായിരുന്നതു് യഹൂദർമാത്രമാണു്. എ. ഡി. 999-ലെ ജൂതശാസനം അതാണു് കാണിക്കുന്നതു്. എന്നാൽ യഹൂദർ ഇവിടെ കുടിയേറിപ്പാർത്ത വിദേശിയരും, ക്രൈസ്തവർ ഇവിടത്തെ

www.TheCMSIndia.org

ഷ്ണ്ണിന്റെ യഥാർത്ഥമക്കളും എന്ന വ്യത്യാസം ഉണ്ടായിരുന്നു. പിൽക്കാലത്ത് കേരളത്തിലെ വ്യാപാരരംഗത്ത് സുപ്രധാനമായ പങ്കുവഹിച്ച മഹമ്മദീയരും അറബികളും അന്ന് രംഗത്ത് എത്തിയിരുന്നില്ല എന്ന് സുലൈമാന്റെ യാത്രാവിവരണത്തിൽ നിന്നും മനസ്സിലാക്കാം.

കേരളത്തിന്റെ ഇന്നുവരെയുള്ള അറിയപ്പെട്ട ചരിത്രത്തിൽ ഏററവും സമ്പൽസമൃദ്ധമായ കാലഘട്ടമെന്ന് വിശേഷിപ്പിക്കാവുന്ന രണ്ടാംചേരവംശാവലിയുടെ ഭരണകാലഘട്ടത്തിലെ ഐശ്വര്യപൂർണ്ണമായ കേരളത്തിന്റെ രൂപീകരണത്തിനു അന്നു ഈ നാട്ടിലുണ്ടായിരുന്ന ക്രൈസ്തവരും അവരുടെ വാണിജ്യവുമായിരുന്നു നിദാനം എന്ന് അസന്നിഗ്ദ്ധമായി തെളിയിക്കുന്ന ചരിത്രരേഖകളാണ് കേരള ക്രൈസ്തവതാമ്രശാസനങ്ങൾ; നമ്മുടെ മഹത്തായ പാരമ്പര്യത്തിന്റെ മഹോന്നതമായ ആധാരശിലകൾ.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

# Digital Library of Christianity in India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

**An international forum for interdisciplinary discussion, and dissemination of knowledge, on the music, art and dance of about thirty million Christians in India.**

## Support Our Ongoing Projects

- Marggam, Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org